ശ്രീ. പി. കെ. വാസുദേവൻ നായർ: നോൺപ്ലാൻ പോസ്റ്റ്സ് ഉണ്ടാക്കരുതെന്നാണ് ഈ ഓർഡറിൽ പറഞ്ഞിട്ടുള്ളത്. പ്ലാൻ പോസ്റ്റുകൾ ഉണ്ടാക്കരുതെന്ന് ഒരു ഗവൺമെൻറിനും തീരുമാനമെടുക്കാൻ സാദ്ധ്യമല്ല. പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ പോസ്റ്റുകൾ ഉണ്ടാക്കുന്നതിന് തടസം ഉണ്ടാവുകയില്ല.

ശ്രീ. എ. എ. റഹിം: വളരെയധികം പെട്രോൾ ചെലവുള്ള ജീപ്പുകളിൽ ഡീസൽ ഇഞ്ചിൻ ഫിറ്റുചെയ്തു് അങ്ങനെയുള്ള ജീപ്പുകൾ നൽകുന്നതിനു തയ്യാറാകുമോ; അങ്ങനെയാണെങ്കിൽ ഇപ്പോഴുള്ള പെട്രോൾക്ഷാമം പരിഹരിക്കാനും സാധിക്കും.

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ നിർദ്ദേശം പരിഗണിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: റവന്യൂബോർഡ് നിറുത്തുന്നകാര്യം സജീവ പരിഗണനയിൽ ആണെന്നു പറഞ്ഞു. ഇന്നത്തെ റവന്യൂ ബോർഡിലെ അംഗങ്ങൾ വകുപ്പദ്ധ്യക്ഷൻമാരാണെന്നുള്ളതു് കണക്കിലെടുത്തു് പുതിയ വകുപ്പുകളും ആഫീസുകളും ഉണ്ടാക്കുമ്പോൾ ഇന്നു് റവന്യൂ ബോർഡിനേക്കാൾ കൂടുതൽ ചെലവു് വാഹകയിനത്തിൽ ഉണ്ടാകുമെന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ ഇതു രണ്ടും തമ്മിലുള്ള ചെലവു പരിഗണിച്ചശേഷം റവന്യൂബോർഡ് നിറുത്തലാക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതെല്ലാം അതിൻെറ വിശദാംശങ്ങളാണ്, അവസാനതീരുമാനം എടുക്കുന്നതിനുമുമ്പ് ഈ കാര്യങ്ങൾ ഉൾപ്പെടെ പരിഗണിക്കുന്നതായിരിക്കും.

ചെറുകിട തുറമുഖങ്ങളുടെ വികസനം

* 114 [123] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനു വേണ്ടി ഈ സാമ്പത്തികവർഷത്തിൽ എന്തുതുക ചെലവാക്കുന്നതിനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്;

(ബി) ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് എന്തു നിർദ്ദേശമാണ് വിദേശരാജ്യങ്ങൾ സന്ദർശിച്ച മന്ത്രിയും സംഘവും ഗവൺമെൻറിന് സമർപ്പിച്ചിട്ടുള്ളത്;

(സി) ഇതുസംബന്ധിച്ച് ഈ വകുപ്പ് കൈകാര്യംചെയ്തിരുന്ന മന്ത്രി നൽകിയ റിപ്പോർട്ടിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 105 ലക്ഷം രൂപ.

(ബി, സി) ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് താഴെപറയുന്ന മാർഗ്ഗങ്ങൾ കണ്ടെത്തിയതായി റിപ്പോർട്ടുനൽകിയിട്ടുണ്ട്.

1. ഗൾഫ്, യൂറോപ്പ്, ആഫ്രിക്ക, മുതലായ വിദേശരാജ്യങ്ങളുമായിട്ടുള്ള കേരളത്തിൻെറ വാണിജ്യവികസന സാദ്ധ്യത.

LIBRARY ARCHIVES Kerala Legislative Assembly

2. പ്രസ്തുത രാജ്യങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ചെറുകിട കപ്പൽസർവ്വീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യത.

3. കപ്പൽഗതാഗതസർവ്വീസിനും തുറമുഖവികസനത്തിനുംവേണ്ടി യുള്ള സംരംഭങ്ങളിൽ സാങ്കേതികവും സാമ്പത്തികവുമായി വിദേശസഹകരണം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത.

4. കേരളത്തിന്റെ കയറ്റുമതി പ്രധാനങ്ങളായ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണികളിലുള്ള പ്രിയവും അതു വിട്ടഴിക്കുന്നതിനുള്ള പുതിയ വിദേശ വിപണികളുടെ സാദ്ധ്യത.

5. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെയും സംരംഭങ്ങളുടെയും കാര്യക്ഷമമായ നിർവ്വഹണത്തിനും വിജയത്തിനും പൊതുമേഖലയിൽ ആവശ്യമായ ഒരു കയറ്റുമതി സ്ഥാപനത്തിന്റെ സാദ്ധ്യത.

6. കേരളത്തിലെ തുറമുഖങ്ങളുടെ സമഗ്രമായ വികസനം, വ്യാപാര വാണിജ്യവികസനം, കപ്പൽഗതാഗതവികസനം എന്നിവ ലക്ഷ്യമാക്കി ഒരു മറൈൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഈ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചതിനുശേഷം എന്തെല്ലാം നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു മറൈൻ ഡവലപ്പുമെന്റ് കോർപ്പറേഷൻ ഉണ്ടാക്കാനുള്ള തീരുമാനമെടുക്കുകയുണ്ടായി. അതിന്റെ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രാഥമിക നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: മാസങ്ങൾക്കുമുമ്പ് ആഴ്ചകളോ നീണ്ടുനിന്ന വിദേശപര്യടനം നടത്തിയിട്ടും വ്യക്തമായ ഒരു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. മന്ത്രിമാർ വിദേശരാജ്യങ്ങൾ സന്ദർശിച്ച് ഇങ്ങനെ ഗവൺമെന്റിന്റെ പണം പാഴ്ച്ചെലവു ചെയ്യുന്ന നടപടി അവസാനിപ്പിക്കുവാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഇങ്ങനെയൊരു റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് വിശദമായിത്തന്നെയാണ്. ഇതിനെസംബന്ധിച്ച് കഴിഞ്ഞ സഭയിൽ വളരെയധികം ചോദ്യങ്ങളും ഉപചോദ്യങ്ങളും ഉണ്ടായിരുന്നു. അന്നുതന്നെ ഗവൺമെന്റ് അതിനെപ്പറ്റി വിശദീകരിച്ചിരുന്നു. ഇങ്ങനെയൊരു ഡലിഗേഷൻ പോകുമ്പോഴും അത് എക്സ്പർട്ട് ഡലിഗേഷൻ ആയിരിക്കുകയില്ല, ഒരു എക്സ്പർട്ടു ഡലിഗേഷൻ സമർപ്പിക്കുന്ന റിപ്പോർട്ടുപോലെയുള്ള റിപ്പോർട്ടും ആയിരിക്കുകയില്ല. അതുകൊണ്ടാണ് അതിനൊരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കണമെന്നു പിന്നീട് തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ മെസേഴ്സ് എഞ്ചിനീയേഴ്സ് ഇൻഡ്യാ ലിമിറ്റഡ് എന്ന ഗവൺമെന്റ് ഓഫ് ഇൻഡ്യാ അണ്ടർടേക്കിംഗിനെയാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഏല്പിച്ചിട്ടുള്ളത്.

ശ്രീ. യു. എ. ബീരാൻ: ചെറുകിട തുറമുഖങ്ങളുടെ വികസനപരിപാടിയിൽ പൊന്നാനി തുറമുഖത്തിന്റെ വികസനത്തിനു വല്ല പരിപാടിയുമുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കേരളത്തിലെ എല്ലാ ചെറിയ തുറമുഖങ്ങളുടെയും വികസനം ഇതിനകത്തു ഉൾക്കൊള്ളിച്ചിരിക്കാം. ഓരോ പ്രത്യേക തുറമുഖത്തെപ്പറ്റിയും മറുപടി പറയാൻ പ്രയാസമാണ്.

ശ്രീ. കെ. എം. മാണി: പഠനപര്യടനം നടത്തിയ ഡലിഗേഷൻ സമർപ്പിച്ച നിർദ്ദേശങ്ങളെസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയെന്നു പറഞ്ഞു. ഈ പഠനപര്യടനത്തിൽ ഉൾപ്പെട്ടിരുന്ന ഇഞ്ചിനീയേഴ്സ് ഓഫ് ഇൻഡ്യാ അതിനുശേഷം ഈ ഗവൺമെന്റിനു ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായിട്ടില്ലേ; അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ റിപ്പോർട്ടിന്റെ മേൽ എന്തു നടപടി ഗവൺമെന്റ് സ്വീകരിച്ചു?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഇക്കാര്യത്തെസംബന്ധിച്ച് കഴിഞ്ഞ ഒന്നുരണ്ടാഴ്ചക്കാലത്തിനുള്ളിൽ ഗവൺമെന്റ് മറ്റൊരു വിഷയവുമായി ബന്ധിപ്പിച്ച് ഒരു ചർച്ച നടത്തുകയുണ്ടായി. അതുകൊണ്ട് ഞങ്ങൾ ഇതിനെപ്പറ്റി ഒരു അവസാനതീരുമാനമെടുത്തിട്ട് മുന്നോട്ടുപോകാമെന്ന് വിചാരിച്ചു. ഷിപ്പിംഗ് കോർപ്പറേഷൻ നിലവിലുള്ളപ്പോൾ മർച്ചന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ഷിപ്പിംഗ് കോർപ്പറേഷൻ എന്നീ രണ്ടു സ്ഥാപനങ്ങൾ പ്രത്യേകം പ്രത്യേകമായി ആവശ്യമുണ്ടോ; ഷിപ്പിംഗ് കോർപ്പറേഷന്റെ ഒരു ഭാഗമായിത്തന്നെ ഈ പ്രോജക്ടിൽ പറയുന്ന പ്രവർത്തനങ്ങൾ കൂടി നടത്തിക്കൂടേ എന്നുള്ള കാര്യങ്ങളെസംബന്ധിച്ച് മന്ത്രിസഭ ചർച്ച നടത്തുകയും അതാണ് കൂടുതൽ നല്ലതെന്ന തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ പറയുന്ന റിപ്പോർട്ടനുസരിച്ച് ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ്, ആവശ്യമായ തീരുമാനങ്ങളെടുക്കുന്നതാണ്.

ശ്രീ. കെ. ടി. കുമാരൻ: കണ്ണൂരിലുള്ള അഴീക്കൽ പോർട്ട് വികസിപ്പിക്കുവാനുള്ള പരിപാടി ഗവൺമെന്റിനുണ്ടോ; അതിന്റെ പ്രവർത്തനം എത്രത്തോളമായി എന്നു പറയാമോ?

മി. ഡെ. സ്പീക്കർ: ഓരോന്നിനെപ്പറ്റിയും ചോദിച്ചാൽ മറുപടി പറയാൻ പ്രയാസമാണെന്ന് മുഖ്യമന്ത്രി പറഞ്ഞല്ലോ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: വിഴിഞ്ഞം ഒരു തുറമുഖമായി പ്രഖ്യാപിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞെങ്കിലും ഒരു തുറമുഖമെന്ന നിലയിൽ യാതൊരു പ്രവർത്തനവും അവിടെ നടക്കുന്നില്ലെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിഴിഞ്ഞം തുറമുഖത്തിന്റെ വികസനകാര്യത്തിൽ പ്രത്യേക നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനത്തിൽ കുറെ അമാന്തം ഉണ്ടായി എന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അതു പരിഗണിച്ച് എത്രയും പെട്ടന്ന് അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതാണ്.

ശ്രീ. ജി. പി. മംഗലത്തുമഠം: വിവിധ തുറമുഖങ്ങളുടെ വികസനത്തിന്റെ കൂട്ടത്തിൽ ആലപ്പുഴ തുറമുഖത്തിന്റെ വികസന പരിപാടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: ആലപ്പുഴ തുറമുഖത്തിന്റെ പ്രവർത്തനം വളരെ മന്ദീഭവിച്ചിരിക്കുകയാണ്. കഴിഞ്ഞ കുറേക്കാലമായി. കൊല്ലം, തിരുവനന്തപുരം, നീണ്ടകര, അഴീക്കൽ, കോഴിക്കോട് തുടങ്ങി എല്ലാ ചെറുകിട തുറമുഖങ്ങളും നമുക്ക് ഓരോരുത്തർക്കും പൊതുവായും പ്രത്യേകമായും താൽപ്പര്യമുള്ളവ വികസിക്കേണ്ടതാണ്. ആലപ്പുഴ ഒരു കാലത്ത് വാസ്തവത്തിൽ കിഴക്കൻ വെനീസ് എന്നറിയപ്പെട്ടിരുന്നതാണ്. എന്നാൽ നിർഭാഗ്യവശാൽ ഇന്ന് അവയുടെ പ്രവർത്തനം വളരെ സ്തംഭിച്ചിട്ടുണ്ട്, മോശമായിട്ടുണ്ട്. അതുകൊണ്ട് ഒട്ടാകെയുള്ള പ്രവർത്തനം പുനരുദ്ധരിക്കുവാൻ സമഗ്രമായ ഒരു പദ്ധതിയാണ് ഗവൺമെൻറ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. കരുണാകരൻ: ഈ ഡലിഗേഷൻ ഒരു എക്സ്പർട്ട് ഡലിഗേഷൻ ആയിരുന്നില്ലെന്നു മുഖ്യമന്ത്രി പറയുകയുണ്ടായി. പ്രത്യേകിച്ചും ഒരു മുൻമന്ത്രിയും നിരവധി ഉദ്യോഗസ്ഥൻമാരും ചെറുകിട തുറമുഖങ്ങളെസംബന്ധിച്ച് പഠനം നടത്താൻ പല രാജ്യങ്ങളും സന്ദർശിക്കുമ്പോൾ അതൊരു എക്സ്പർട്ട് ഡലിഗേഷൻ ആകാൻ മുൻഗണന നൽകേണ്ടതായിരുന്നില്ലേ? സംസ്ഥാനത്തിന് ലക്ഷക്കണക്കിന് രൂപ ചെലവാക്കേണ്ടിവന്ന ഈ ഡലിഗേഷൻ ഒരു എക്സ്പർട്ടു ഡലിഗേഷൻ ആകാതിരുന്നതിനു കാരണമെന്താണ്? ഇത്തരം കാര്യങ്ങളിൽ എക്സ്പർട്ട് ഡലിഗേഷൻ വേണ്ടതാണെന്ന ധാരണ ഗവൺമെൻറിനുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എക്സ്പർട്ട് ഡലിഗേഷൻ അല്ലെന്നു പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം എക്സ്പർട്ടസ് ആരും ഇല്ലെന്നല്ല, അങ്ങനെയുള്ള ചിലരും അതിലുണ്ടായിരുന്നു. എന്നാൽപോലും ഇങ്ങനെയൊരു റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ കൂടുതൽ വിശദവും സാങ്കേതികവുമായ പഠനം ആവശ്യമാണ്. ആ റിപ്പോർട്ട് കിട്ടിയാൽ മാത്രമേ അതു നടപ്പിലാക്കാൻ കഴിയൂ. ആ അർത്ഥത്തിലാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. ടി. എ. പരമൻ: കൊടുങ്ങല്ലൂർ അഴിമുഖത്തുള്ള മണൽത്തിട്ട കാരണം നിരവധിപേർ മരണമടയുകയും നിരവധി ബോട്ടുകളും നശിക്കുകയും ചെയ്തിട്ടുണ്ട്. ആ മണ്ണുമാന്തൽ രണ്ടുമൂന്നുവർഷംമുമ്പ് ശ്രമിക്കുകയുണ്ടായി. അതിനുള്ള വല്ല ശ്രമവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വളരെ വേഗത്തിൽ അതു ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അവിടെ വളരെക്കാലമായി നടന്നുകൊണ്ടിരിക്കുന്ന ഈ അപകടങ്ങളും മരണങ്ങളും എല്ലാം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുള്ളതിന്റെ ഫലമായി ഈ മണ്ണുമാന്തി ആഴം വർദ്ധിപ്പിക്കുവാനുള്ള നടപടി മുൻപ് സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള പരിപാടി നമ്മുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. എം. മാണി: ഷിപ്പിംഗ് കോർപ്പറേഷന്റെ പ്രത്യേകമായ ചുമതല കപ്പൽഗതാഗതസർവ്വീസാണ്. തുറമുഖങ്ങളുടെ വികസനത്തിനു വേണ്ടി മറ്റൊരു സംവിധാനം ഏർപ്പെടുത്തണമെന്ന പോളിസി ഡിസിഷൻ ഗവൺമെൻറ് എടുത്തതിനുശേഷം അതിനെക്കുറിച്ച് ഒരു പ്രോജക്ട് റിപ്പോർട്ടുണ്ടാക്കാൻ ഇഞ്ചിനീയേഴ്സ് ഓഫ് ഇൻഡ്യയെ ചുമതലപ്പെടുത്തിയശേഷം, അവർ പ്രോജക്ട് റിപ്പോർട്ടു സമർപ്പിച്ചശേഷം അതിനുവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്താതെ ഷിപ്പിംഗ് കോർപ്പറേഷനെ എൽപ്പിക്കുവാനുണ്ടായ പ്രത്യേകമായ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ രണ്ടു സ്ഥാപനങ്ങളുടെയും പേരിൽ വരുന്ന അധികച്ചെലവു ഒഴിവാക്കി ഷിപ്പിംഗ് കോർപ്പറേഷന്റെ പൊതുവായ ആഭിമുഖ്യത്തിലും നേതൃത്വത്തിലും നമ്മുടെ ചെറുകിട തുറമുഖങ്ങളുടെ വികസനവും കോസ്റ്റൽ ട്രേഡും ഷിപ്പിംഗും ഗൾഫുരാജ്യങ്ങളിലേയ്ക്കുള്ള ട്രേഡും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും നടത്തുകയെന്നുള്ളതാണ് കൂടുതൽ ലാഭകരം, ഡ്യൂപ്ലിക്കേഷൻ ആവശ്യമില്ല എന്നു കൂടുതൽ വിശദമായ പരിഗണനയുടെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിന്റെ ഫലമായിട്ടാണ് ഇങ്ങനെ തീരുമാനിച്ചത്.

ഡോക്ടർ കെ. സി. ജോസഫ്: ഈ പോർട്ടു ഡിപ്പാർട്ടുമെന്റ് മൂന്നു വിഭാഗമായി തിരിച്ചതിനുശേഷം എഞ്ചിനീയറിംഗ് വിഭാഗത്തിൽ ചീഫ് ഇഞ്ചിനീയർ ഇല്ലെന്നുള്ള വസ്തുത പരിഗണിച്ച് ആ വകുപ്പിലേക്ക് ഒരു ചീഫ് ഇഞ്ചിനീയരെ നിയമിച്ചുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കാൻ ശ്രമിക്കുമോ ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനെപ്പറ്റി ഉടനെ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ബേപ്പൂർ തുറമുഖത്തിന്റെ അഴിമുഖത്തുള്ള മണ്ണ് മാന്തൽ ജോലി വേണ്ടത്ര പുരോഗമിക്കാത്തതുകൊണ്ട് അടുത്ത സീസണിൽ, സിമൻറും അരിയും വരുന്ന അവസരത്തിൽ, വലിയ വിഷമതകൾ ഉണ്ടാകുമെന്നും, ഇഞ്ചിനീയറിംഗ് ഡിവിഷന്റെ പ്രത്യേക പരിഗണന ഇല്ലാത്തതുകൊണ്ടും മറ്റു സാങ്കേതികമായ കാരണങ്ങൾ കൊണ്ടും പോർട്ടിലെ മറ്റു കാരണങ്ങൾകൊണ്ടും ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നും ചേമ്പർ ഓഫ് കോമേഴ്സിന്റെയും മറ്റു തൊഴിലാളി സംഘടനകളുടെയും നിവേദനങ്ങൾ ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെ നിവേദനം കിട്ടിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ മണ്ണു മാന്തൽ പ്രവർത്തനം അടിയന്തിരമായി നടത്താം.

ശ്രീ. എം. വി. രാഘവൻ: എക്സ്പെർട്ട് അല്ലാത്ത ഈ എക്സ്പോർട്ട്—കയറ്റി അയക്കൽ, മന്ത്രിമാരുടെ—അതൊന്നു നിറുത്തുകയും വല്ല വിവരവുമുള്ള ഇഞ്ചിനീയറൻമാരെയോ അതുപോലുള്ള ആളുകളെയോ അയക്കുകയും ചെയ്തുകൊണ്ട് കേരളത്തിലെ ചെറുകിട തുറമുഖങ്ങളെ സംബന്ധിച്ച് പഠനം നടത്തി അതിന്റെ വികസനം നടത്താൻ നടപടി സ്വീകരിക്കുമോ? ആലപ്പുഴയുടെ കൂട്ടത്തിൽ അഴീക്കലുംകൂടി പരിഗണിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോൾ നമുക്കു കിട്ടിയിട്ടുള്ളത് വളരെ പ്രയോജനപ്രദമായ റിപ്പോർട്ടാണ്. പ്രത്യേകിച്ചും ഇഞ്ചിനീയേഴ്സ് ഓഫ് ഇൻഡ്യ വളരെ മുന്നോട്ടു പോകാൻ സഹായകമായ ഒരു റിപ്പോർട്ടാണ് പ്രാഥമികമായി ഇപ്പോൾ നൽകിയിട്ടുള്ളത്. വിശദമായ റിപ്പോർട്ടും നൽകുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ പോർട്ടുകളുടെയും വികസനം നടത്താൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: കൊച്ചി തുറമുഖം ഉണ്ടാകുന്നതിനുമുമ്പ് 1930-ൽ 500 പത്തേമാരികളും 500 കപ്പലുകളും തെക്കേ ഇൻഡ്യയിലെ പ്രധാന തുറമുഖമായ ഈ ആലപ്പുഴയിൽ വന്ന് കയറ്റിറക്കു നടത്തിയിരുന്നു. എന്നാൽ വളരെ വർഷങ്ങളായി അത് പ്രവർത്തനരഹിതമാണ്. ഈ തുറമുഖം പ്രവർത്തനസജ്ജമാക്കാൻ ഈ കൊല്ലം എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ തുറമുഖത്ത് സീസൺ ആരംഭിച്ചിരിക്കുകയാണ്. പക്ഷേ പ്രവർത്തനം ആരംഭിക്കുന്നതിനു ചില ബുദ്ധിമുട്ടുകൾ ഉണ്ട്. ആ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനെപ്പറ്റി ബന്ധപ്പെട്ടവരെയെല്ലാം വിളിച്ചുകൂട്ടി ഒരു കോൺഫറൻസു നടത്തുകയുണ്ടായി. കോൺഫറൻസിൽ ചില തീരുമാനങ്ങളും എടുത്തിട്ടുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ സീസണിൽ വീണ്ടും അവിടെ കഴിയുന്നത്ര പ്രവർത്തനം നടത്തുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: നമ്മുടെ നഷ്ടപ്പെട്ടുപോയ കപ്പലിന്റെ സ്ഥിതി എന്താണ്. അതിലെ ജീവനക്കാരുടെ ബന്ധുക്കളുടെ ഉൽക്കണ്ഠയ്ക്കനുസരിച്ച് ഗവൺമെൻറ് ഈ കാര്യത്തിൽ ശ്രദ്ധിച്ചിട്ടില്ലെന്നാണ് ആക്ഷേപം. എന്താണ് സ്ഥിതിയെന്ന് ഒന്നു വ്യക്തമാക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ, ഇതു മൈനർ പോർട്ടുകളെ സംബന്ധിച്ച ചോദ്യമാണ്.

വർദ്ധിപ്പിച്ച പെൻഷൻ

* 115 [124] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, എം. സത്യനേശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979-ൽ സർക്കാർ ജീവനക്കാർക്കനുവദിച്ച പെൻഷൻ വർദ്ധനവ്, സറണ്ടർ സ്ക്കൂൾ അദ്ധ്യാപകർ, എയ്ഡഡ് സ്ക്കൂൾ അദ്ധ്യാപകർ, പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ, എൻ. എം. ആർ. എന്നീ വിഭാഗങ്ങൾക്ക് അനുവദിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) സറണ്ടർ സ്ക്കൂൾ അദ്ധ്യാപകരുടെയും, എയ്ഡഡ് സ്ക്കൂൾ അദ്ധ്യാപകരുടെയും സേവന വ്യവസ്ഥകൾ വ്യത്യസ്ഥമായിരിക്കെ സറണ്ടർ സ്ക്കൂൾ അദ്ധ്യാപകരുടെ പെൻഷൻ വർദ്ധനവ് എയ്ഡഡ് സ്ക്കൂൾക്കാരുടേതൊപ്പം മാറ്റിവച്ചത് എന്തുകൊണ്ട്;

(സി) പെൻഷൻ പറ്റുന്ന എല്ലാവർക്കും ഒരേ ഉത്തരവിൽ ഒരേ സമയം പെൻഷൻ വർദ്ധനവ് അനുവദിക്കുന്നതിനുള്ള തടസ്സമെന്ത്;

(ഡി) ഭാവിയിലെങ്കിലും എല്ലാവർക്കും ഒരേ സമയം ഒരേ ഉത്തരവിൽ പെൻഷൻ വർദ്ധനവ് അനുവദിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly